നമ്പർ. എച്ച് 1/1/റ്റിസി/2017

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 20.02.2017

## സർക്കുലർ നമ്പർ 7/2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അന്തർ സംസ്ഥാന കരാർ പ്രകാരം അയൽ സംസ്ഥാനങ്ങളിൽ ഇ.വി. പെർമിറ്റ് നേടാനായി റെക്കമെന്റേഷൻ ലെറ്റർ ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട്— നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

അന്തർ സംസ്ഥാന കരാർ പ്രകാരം അയൽ സംസ്ഥാനങ്ങളിൽ ഇ.വി. പെർമിറ്റ് നേടാനായി റെക്കമെന്റേഷൻ ലറ്റർ ലഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്-പോർട്ട് അതോറിറ്റിയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ ഇത്തരം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അയൽ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ള ക്വാട്ട പ്രകാരം ഒഴിവുകൾ നിലവിൽ ഉള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് ഇ.വി. പെർമിറ്റ് ലഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് റെക്കമെന്റേഷൻ ലറ്റർ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകൾ വാഹനത്തിന്റെ ഒറിജിനൽ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തീർപ്പാക്കുന്നതാണ്.
2. ഒഴിവുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സീരിയൽ നമ്പരിട്ട് സൂക്ഷിക്കുകയും ഒറിജിനൽ രേഖകൾ സമർപ്പിക്കാനായി നിർദ്ദേശം നൽകിയശേഷം ബന്ധപ്പെട്ട ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ലഭിച്ച അപേക്ഷകളുടെ ഒറിജിനൽ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ തീർപ്പാക്കുന്നതുമാണ്.
3. 2-)0 ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതിനു വിരുദ്ധമായി അയൽ സംസ്ഥാനങ്ങളിൽ നിന്ന് നേടിയ ഇ.വി. പെർമിറ്റ് സറണ്ടർ ചെയ്യാനാഗ്രഹിക്കുന്ന വ്യക്തിയുടെ പെർമിറ്റും ടിയാന്റെ സമ്മതപത്രവുമായി പ്രസ്തുത പെർമിറ്റിന്റെ ഒഴിവിലേയ്ക്ക് റെക്കമെന്റേഷൻ ലറ്റർ

ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഇനി മുതൽ പരിഗണിക്കുന്നതല്ല. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തിരികെ അയയ്ക്കുന്നതാണ്.

4. ഇ.വി. പെർമിറ്റ് നേടിയ വ്യക്തികൾ അത് ആവശ്യമില്ലാത്ത ഘട്ടത്തിൽ പെർമിറ്റ് നൽകിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ തന്നെ സറണ്ടർ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ഈ ഒഴിവ് നികത്തുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് റെക്കമെന്റേഷൻ ലറ്റർ നൽകുകയുള്ളൂ.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ 01.03.2017 തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:

1. എല്ലാ സെക്ഷൻ ക്ലാർക്കുമാർക്കും ( എച്ച്, ഡി സെക്ഷനുകൾ)
2. റ്റി സിയുടെ സി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ, സീനിയർ എ.ഒ, സീനിയർ എഫ്.ഒ, സീനിയർ എൽ.ഒ, സീനിയർ ഡി റ്റി സി ( ടാക്സ്) എന്നിവരുടെ സി.എ.മാർക്കും
3. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും, സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്.

മോട്ടോർവാഹന വകുപ്പ്, കേരള